പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4235 — 21/07/2015 ൽ മറുപടിക്ക്

## ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. എം.പി.വിൻസെന്റ്:<br>ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ.അൻവർ സാദത്ത്: | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) കേരളത്തിൽ ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | ബി) കന്നുകാലികൾക്ക് മരണമോ മറ്റ് അപകടങ്ങളോ സംഭവിക്കുന്നത് മൂലം കർഷകനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് സംരക്ഷണം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; | (സി) ഈ പദ്ധതി ഇപ്പോൾ നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ ഒരു ഘടക പദ്ധതിയായിട്ടാണ് നടപ്പിലാക്കുന്നത്. കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡും മൃഗസംരക്ഷണ വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം | (ഡി) നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ ഒരു ഘടക പദ്ധതിയാണ് ഗോസുരക്ഷാ ഇൻഷ്വറൻസ് സ്കീം. |

| | |
|---|---|
| നടപടികൾ എടുത്തിട്ടുണ്ട്? | പുതുക്കിയ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ഈ പദ്ധതിയിൽ പശു, എരുമ, ആട്, പന്നി, മുയൽ, തുടങ്ങിയവയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതാണ്. ഈ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ ആകെ പ്രീമീയത്തിന്റെ 25% മുതൽ 60% വരെ വിവിധ വിഭാഗങ്ങൾക്കായി നൽകുന്നതാണ്. ഈ വർഷം നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ കീഴിൽ ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതിക്കായി നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി മുഖേന പ്രൊപ്പോസൽ സമർപ്പിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ